01.03.2018 ന് കൽപ്പറ്റ എം.ജി.ടി ഹാളിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്ലാനിംഗ് റിവ്യു മീറ്റിംഗ് തീരുമാനങ്ങൾ

യോഗ നടപടികൾ 10.45 ന് ആംരഭിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ പ്രോഗ്രാം മാനേജർ സുഹൈൽ.പി.കെ സ്വാഗതം പറഞ്ഞു. ഫെബ്രുവരി 26,27 തിയതികളിൽ സംസ്ഥാന മിഷനിലെ പി.ആർ.എം തീരുമാനങ്ങൾ അസിസ്റ്റന്റ് ജില്ലാ മിഷന് കോർഡിനേറ്റർ ജയചന്ദ്രൻ കെ.പി വിശദീകരിച്ചു.

2018 മാർച്ച് 6 ന് നടക്കുന്ന 3000 സ്ത്രീകൾ അണഇനിരക്കുന്ന പെൺപൂവ് സംബന്ധിച്ച കാര്യങ്ങൾ അസി. ജില്ലാ മിഷൻ കോർഡിനേറ്റർ കെ.എ ഹാരിസ് വിശദീകരിച്ചു. പ്രോഗ്രാം മാനേജർമാരായ ഷീന, അബി സി.ശേഖർ, ബിജോയ് സുഹൈൽ. പി.കെ എന്നിവർ പദ്ധതികളുടെ അവതരണം നടത്തി.

**തീരുമാനങ്ങൾ**

പ്രോജക്ട് ക്ലിനിക്കിന്റെ തുടർച്ചയായി എല്ലാ സി.ഡി.എസുകളും പദ്ധതികൾ തയ്യാറാക്കി തദ്ദേശ സ്വയം ഭരണ അദ്ധ്യക്ഷന്മാർക്ക് മാർച്ച് 5 ന് മുമ്പായി സമർപ്പിക്കുവാൻ തീരുമാനിച്ചു. (നടപടി : സി.ഡി.എസ്)

കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാതെ മറി നിന്ന അയൽകൂട്ടങ്ങളെ മാർച്ച് 10 ന് മുമ്പായി കണ്ടെത്തേണ്ടതും അവരുടെ പട്ടിക തയ്യാറാക്കി പ്രസ്തുത അയൽകൂട്ടങ്ങളെ സജീവമാക്കി കൊണ്ടുവരേണ്ടതുമാണ് (നടപടി : സി.ഡി.എസ്)

എൻ.ആർ.എൽ.എം പ്രൊഫൈൽ ക്രിയേഷൻ പൂർത്തീകരിക്കാത്ത സി.ഡി.എസുകൾ മാർച്ച് 10 ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്.

അയൽകൂട്ട പ്രൊഫൈൽ ക്രിയേഷൻ പൂർത്തീകരിച്ചവർ അയൽകൂട്ട അംഗങ്ങൾ മുഴുവനായി എൻ.ആർ.എൽ.എം പോർട്ടലിൽ അപ്ഡേറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തുക (നടപടി : സി.ഡി.എസ്)

സ്റ്റേറ്റ് എം.ഐ.എസിലെ മുഴുവൻ കാര്യങ്ങളും കൃത്യമായി പൂർത്തീകരിക്കേണ്ടതാണ്. (നടപടി : സി.ഡി.എസ്)

ആരോഗ്യ ജാഗ്രത ക്യാമ്പയിൻ മാർച്ച് മാസത്തിൽ അയൽകൂട്ട തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ നൽകുന്നതായിരിക്കും. (നടപടി : ജില്ലാ മിഷൻ)

അക്കൗണ്ടന്റുമാരുടെ എക്സ്പോഷർ വിസിറ്റ് എല്ലാ പഞ്ചായത്തുകളിലേക്കും നടത്താൻ തീരുമാനിച്ചു. ((നടപടി : ജില്ലാ മിഷൻ)

**ജെന്റർ**

നീതം - ജെന്റർ ക്യാമ്പയിന്റെ ജില്ലാതല പ്രോഗ്രാം 8 ാം തിയതിവനിതാ ദിനത്തോടനുബന്ധിച്ച് വിപുലമായ  പരിപടികളോടെ നടത്താൻ തീരുമാനിച്ചു.

ഇതിന്റെ ഭാഗമായി മാർച്ച് 6 ന് മാനന്തവാടി ഹൈസ്കൂൾ ഗ്രൗണ്ടിൽ 3000 വരുന്ന സ്ത്രീകളെ അണിനിരത്തി ലോകത്തിലെ ഏറ്റവും വലിയ പെൺപൂവ് രൂപീകരിക്കാനും സാർവ്വദേശീയ ഗാനം ആലപിക്കാനും  തീരുമാനിച്ചു.

മാർച്ച് 8 ന് രീവിലെ ടോക്ക് ഷോ വിപുലമായി നടത്താൻ തീരുമാനിച്ചു.

നീതം ക്യാമ്പയിന്റെ റിപ്പോർട്ട് അവതരണവും ജെന്ററ് ജസ്റ്റിസ് വിഷയത്തിൽ ജില്ല യിലെ വനിതാ ജനപ്രതിനിധികളെയും, ജില്ലാ സബ് ജഡ്ജ്, മറ്റു പ്രമുഖർ തുടങ്ങിയ വരെ പങ്കെടുപ്പിച്ചുകൊണ്ട് സംവാദം സംഘടിപ്പിക്കാൻ തീരുമാനിച്ചു.

നീതം ക്യാപയിന്റെ സമാപനം 8 ന് ഉച്ചക്ക് കുടുംബശ്രീ ജന്ഡർ ജില്ലാ ഇനീഷ്യേറ്റീവ് പ്രോഗ്രാം, കുടുംബശ്രീ ആർട്ട് തിയറ്റർ റോസി അരങ്ങിലെത്തിക്കാനും തീരുമാനിച്ചു.

ജില്ലാതല പ്രോഗ്രാമിന്റെ ഭാഗമായി “ നിങ്ങളുടെ ജീവിതത്തിലെ സ്ത്രീ” എന്ന പേരിൽ സെൽഫി കോൺടെസ്റ്റ് നടത്താനും തീരുമാനിച്ചു.

വൾനറബിലിറ്റി മാപ്പിംഗ് പദ്ധതിയുടെ ഭാഗമായി പ്രൊജക്ട് വെപ്പിക്കാൻ അടിയന്തിര ഇടപെടൽ നടത്താനും റിപ്പോർട്ട് എത്രയും വേഗം പൂർത്തീകരിക്കാനും തീരുമനിച്ചു.

**ബാലസഭ**

നാടറിയാൻ നാടിനെ അറിയാൻ ഗ്രാമയാത്രക്ക് സി.ഡി.എസുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് മാർച്ച് 6 ന് മുമ്പ് ജില്ലാ മിഷനിൽ എത്തിക്ക ണം. ക്ലാസ്സെടുത്ത ആർ.പിമാർക്ക് ഹോണറേറിയം അനുവദിക്കാനുള്ള സമ്മത പത്രവും നൽകേണ്ടതാണ്

**അഗതി രഹിത കേരളം**

സർവ്വെ നടത്തിയ ആർ.പിമാർക്കുള്ള ഹോറണേറിയം അനുവദിക്കാനുള്ള അപേക്ഷ മാർച്ച് 8 നകം ജില്ലാ മിഷനിൽ എത്തിക്കണം.

അഗതി ഗ്രാമസഭയും മെഡിക്കൽ ക്യാമ്പും മാർച്ച് 12 നകം പൂർത്തീകരിക്കണം.

**എം.കെ.എസ്.പി**

ഭക്ഷ്യ സുരക്ഷാ ഭവനത്തിന്റെ പുതിയ അപേക്ഷ ഉടനെ വാങ്ങണം

ഫാഷൻ ഫ്രൂട്ട് കൃഷി ജില്ലയിൽ 10000 പേർക്ക് തൈ ലഭ്യമാക്കിക്കൊണ്ട് തുടങ്ങും.

നാട്ടു ചന്ത 26 സി.ഡി.എസുകളിലും തുടങ്ങുക.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,
കുടുംബശ്രീ, വയനാട്

പകർപ്പ്:

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പ്രോഗ്രാം ഓഫീസർ (സംഘടന, കുടുംബശ്രീ)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും

എല്ലാ സി.ഡി.എസ് ചെയർപേഴ്സൺമാർക്കും

എല്ലാ മെമ്പർ സെക്രട്ടറിമാർക്കും

ഫയൽ